**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 26** **22-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വഴി നടപ്പാക്കുന്ന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി വഴി നടപ്പാക്കുന്ന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ടോ; ആയത് എന്നേക്ക് ലഭ്യമാകും എന്നറിയിക്കാമോ; | (എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും അതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബി നൽകിയിട്ടുള്ളതുമാണ് . ഇതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിക്ക് കേരളാ ഹൗസിംഗ് ബോർഡ് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത് എന്നറിയിക്കാമോ; | (ബി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായി 39.43 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് ആണ് കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഈ പദ്ധതിക്ക് വേണ്ടി 02.06.2020ലെ സ.ഉ.(സാധാ) നം .1001/2020/ആ കു വ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ